# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എടച്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

e-mail: dokkd.ksad@kerala.gov.in

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)*

കെ.എസ്.എ.കെ.കെ.ഡി.പി9/395/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ-0495 2371012

ഇ-മെയിൽ:dokkd.ksad@kerala.gov.in

തീയതി:30.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

എടച്ചേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എടച്ചേരി ഗ്രാമപഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം: കെ.എസ്.എ.കെ.കെ.ഡി/പി9/395/2019 തിയ്യതി:30.03.2019

# കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2017 മുതൽ 22.03.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി നൽകി. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സതീഷ് മാവേലിപുത്തൻ വീട് ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.03.2019 മുതൽ 28.03.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ജയകുമാർപാലോളി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുരേഷ്കുമാർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ഇന്ദുകല.സി.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.അഫ്സൽ.ടി.എം, ഓഡിറ്റർ |
| | ശ്രീ.ശ്രീജിത്ത്.കെ.വി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ടി.കെ.അരവിന്ദാക്ഷൻ | 01.04.17മുതൽ 31.03.18 വരെ |
| സെക്രട്ടറി | ശ്രീ.ബാലഗോപാലൻ.വി.പി | 01.04.17 മുതൽ 31.03.2018 വരെ |

നിർവ്വഹണോദ്യാഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സുനിത.പി.കെ. | 01.04.17 മുതൽ 31.03.18വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ലക്ഷ്മി സുരേന്ദ്രൻ (എംപ്ലോയ്മെന്റ് നിയമനം) | 01.04.17 മുതൽ 31.12.17വരെ |
| | ശ്രീമതി.ശ്രീജ പി | 01.01.18 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | ഡോ.ഷിൻഞ്ചു അപാല | 01.04.17 മുതൽ 31-03-18വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) | ഡോ.കെ.എം.ശ്യാംസുന്ദർ | 01.04.17 മുതൽ 30.10.17 വരെ |
| | ഡോ.രാജേഷ്.എൻ | 31-10-2017 മുതൽ 31-3-2018 |
| മെഡിക്കൽ ഓഫീസർ, (ഹോമിയോ) | ഡോ. ഇന്ദു.കെ | 01.04.17 മുതൽ 31.03.18വരെ |
| വി.ഇ.ഒ | ശ്രീ.ജോണി.ആർ. | 01.04.17 മുതൽ 04.12.17 വരെ |
| | ശ്രീ.രാജേഷ് | 05.12.2017 മുതൽ 31.03.2018വരെ |
| | ശ്രീമതി.റിജിന.ടി. | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഗിരിജ.കുന്നുമ്മൽ | 01.04.17മുതൽ 31.03.18വരെ |
| അസി.സെക്രട്ടറി | ശ്രീമതി.അനിഷ.വി. | 01.04.2017 മുതൽ 27.06.2017 വരെ |
| | ശ്രീ.വിനോദ്കൃഷ്ണൻ. | 28.06.2017മുതൽ 20.11.2017 വരെ |
| | ശ്രീ.സജീവൻ.എം.സി. | 21.11.2017 മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ | ഡോ.രാജേഷ്.കെ.സി. | 01.04.17 മുതൽ 14.08.17വരെ |

| | | |
|---|---|---|
| | ഡോ.ഗ്യാനേന്ദ്രസിംഗ്. | 15.08.2017 മുതൽ 31-03-2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| ഭാഗം 2<br>വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | | |
| 13 | വസ്തു നികുതി നിർണ്ണയത്തിൽ അപാകത | 2-1 |
| 14 | ഡി & ഒ ലൈസൻസ്- ഡിമാന്റ് പൂർണ്ണമല്ല | 2-2 |
| 15 | തൊഴിൽ നികുതി- ഡിമാന്റ് അപൂർണ്ണം | 2-3 |
| 16 | കെട്ടിട നിർമ്മാണ നിയന്ത്രണം-അപാകതകൾ | 2-4 |
| 17 | വാടക വരവ്- അപാകതകൾ | 2-5 |
| ഭാഗം 3<br>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | | |
| 18 | പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിലുണ്ടായ വീഴ്ചകാരണം വൻ തുക നഷ്ടപ്പെട്ടു | 3-1 |
| 19 | വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-2 |
| 20 | ഒരേ വാഹനത്തിന് ഒരേ സമയം രണ്ടു പദ്ധതികളിൽ വാടക നൽകി | 3-3 |
| 21 | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് അടവാക്കിയ തുകയിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കിയില്ല | 3-4 |

| | | |
|---|---|---|
| 22 | തെരുവുവിളക്ക് സ്ഥാപിക്കൽ - ഗുണനിലവാരം കുറഞ്ഞ തെരുവുവിളക്കുകൾ സ്ഥാപിച്ചു | 3-5 |
| 23 | മരുന്ന വിതരണത്തിൽ കാലതാമസം | 3-6 |
| 24 | പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് സ്കോളർഷിപ്പ്- ആവശ്യമായ ഫണ്ട് വകയിരുത്തിയില്ല | 3-7 |
| 25 | മാലിന്യ സംസ്കരണം- ആസൂത്രണം ചെയ്ത പദ്ധതികൾ നടപ്പാക്കിയില്ല | 3-8 |
| 26 | ആശ്രയ പദ്ധതി നടത്തിപ്പ്- അപാകതകൾ | 3-9 |
| 27 | ടെണ്ടർ വിളിക്കാതെ പ്രിന്റിങ് ജോലികൾ നടത്തിയത് – അപാകതകൾ | 3-10 |
| 28 | ശമ്പള പരിഷ്കരണ കുടിശ്ശിക-പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. | 3-11 |
| 29 | പൊതു ടാപ്പുകൾ, തെരുവ് വിളക്കുകൾ - സംയുക്ത പരിശോധന നടത്തിയില്ല. | 3-12 |
| 30 | വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 3-13 |
| ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |

| | | |
|---|---|---|
| 34 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 38 | ചാർജ്ജ്/സർചാർജ്ജ് നപടികളുടെ വിവരം | 4-8 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തേക്കുള്ള ബജറ്റ് 23/3/2017തീയതിയിലെ 32/17 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 22/3/2018തീയതിയിലെ 78/18 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2018 | 22/05/2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2017-18 | 11/06/2018 മുതൽ 12/06/2018 വരെ | നം.കെ.എസ്.എ.കെ.കെ.ഡി/ഇ2/ 1111/2018(15) തീ.9/07/2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24116021 |
| വരവ് | 46614411 |
| ആകെ | 70730432 |
| ചെലവ് | 65879749 |
| നീക്കിയിരിപ്പ് | 4850683 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 1225700 | 12257000 | 10454548 | 1802452 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 1380157 | 1380157 | 819647 | 560510 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 5283000 | 5283000 | 5219103 | 63897 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 2771000 | 2771000 | 2693741 | 77259 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 5756196 | 5756196 | 2149032 | 3607164 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | | 1360251 | 1360251 | 763202 | 597049 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 18858063 | 18858063 | 18858063 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3874 | 939939 | 943813 | 928337 | 15476 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ഐ.സി.ഡി.എസ് | | 193011 | 724088 | 917099 | 895899 | 21200 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 748316 | 1582500 | 2330816 | 1131325 | 1199491 |
| | ജില്ലാ പഞ്ചായത്ത് | 79700 | 577500 | 657200 | 509575 | 147625 |

| | | | | | |
|---|---|---|---|---|---|
| ബി ഫണ്ട് | | 36248230 | 36248230 | 36248230 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 19785726 | 9101000 | 28886726 | 28156091 | 730635 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 140 | 55243652 | 88 | 28171572 | 9 | 43 | 62.85 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3874 | 939939 | 943813 | 928337 | 15476 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 18858063 | 18858063 | 18858063 | |
| | 3874 | 19798002 | 19801876 | 19786400 | 15476 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 66240 | 120 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 8071900 | 2833 |
| വിധവാപെൻഷൻ | 10853900 | 3616 |
| വാർദ്ധക്യകാലപെൻഷൻ | 20182200 | 6105 |
| വികലാംഗപെൻഷൻ | 3778000 | 1241 |
| അവിവാഹിതരായ സ്ത്രീകൾക്ക് പെൻഷൻ | 470700 | 154 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90000 | 3 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.03.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 712 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

സെക്ഷനുകൾ തൻ പതിവേട്ടുകൾ തയ്യാറാക്കി പരിപാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. സ്ഥാപനത്തിലെ രേഖകളുടെ സൂക്ഷിപ്പ് സംവിധാനം കാര്യക്ഷമമല്ല. അപാകതകൾ പരിഹരിക്കുന്നതിനായും ഫയൽ സിസ്റ്റം കാര്യക്ഷമമാക്കുന്നതിനുമായി സ്ഥാപനത്തിൽ സൂചിക സോഫ്റ്റ്‌വെയർ വിന്യസിച്ചിട്ടുണ്ടെങ്കിലും സോഫ്റ്റ്‌വെയറിന്റ സേവനം പ്രയോജനപ്പെടുത്തുന്നില്ല.

സാംഖ്യ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെയാണ് സ്ഥാപനത്തിൽ അക്കൗണ്ടിംഗ് ജോലികൾ നിർവ്വഹിക്കപ്പെടുന്നത്. ബജറ്റ് സംബന്ധിച്ച വസ്തുതകൾ സാംഖ്യ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്താത്ത സാഹചര്യത്തിൽ ബജറ്റ് പ്രകാരം അനുവദനീയമായ പരിധി പിന്നിടുന്ന ഒരു ചെലവിനെ തിരിച്ചറിഞ്ഞ് നിയന്ത്രിക്കുന്നതിന് സോഫ്റ്റ്‌വെയർ സഹായകമാകുന്നില്ല. മേൽ സാഹചര്യത്തിലും ആവർത്തന ചെലവുകൾ അടക്കമുള്ള തനത് ഫണ്ടിൽ നിന്നുള്ള ചെലവുകളുടെ കണ്ടിൻജന്റ് ബില്ലുകളിൽ ബജറ്റ് പ്രകാരം അനുവദിച്ച തുകയുടെയും അതത് ബില്ല് വരെയുള്ള ചെലവ് വിശദാംശങ്ങൾ രേഖപ്പെടുത്തി നിയന്ത്രിക്കുന്നതിന് സ്ഥാപനം

ശ്രമിച്ചിട്ടില്ല. ഭൂരിഭാഗം വൗച്ചറുകളും പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടുണ്ട്.

സ്ഥാപനത്തിലെ ധന ഇടപാടുകൾ ഒരാളിൽ തന്നെ കേന്ദ്രീകരിക്കാത്ത വിധത്തിൽ ഓഫീസ് ഉത്തരവിലൂടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. പഞ്ചായത്തിന് ലഭ്യമാവുന്ന മുഴുവൻ വരവുകൾക്കും രശീത് അനുവദിക്കുന്നുണ്ട്. പണം സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സംവിധാനം സ്ഥാപനത്തിലുണ്ട്. ലഭ്യമാവുന്ന ചെക്കുകൾ കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിച്ച് പണമാക്കി മാറ്റുന്നുണ്ട്.

ഡി& ഒ ലൈസൻസ് ഫീ ഇനത്തിൽ സ്ഥാപനത്തിന് ലഭിക്കേണ്ട തുക പൂർണ്ണമായും ഡിമാന്റ് ചെയ്യപ്പെട്ടു എന്ന് ഉറപ്പാക്കുന്നതിനുതകുന്ന തരത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകി വിവരശേഖരണം നടത്താത്തതിനാൽ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റിന്റെ കൃത്യതയും സംശയാസ്പദമാണ്. പുതിയ നികുതി/നികുതിയേതര വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിന് സഹായകമാകുന്ന തരത്തിലുള്ള അജണ്ടകൾ ഉൾപ്പെടുത്തി ചർച്ച ചെയ്യുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സാധിച്ചിട്ടില്ല.

സ്ഥാപനത്തിലെ ജീവനക്കാരുടെ ശമ്പള ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ടുകളിലൂടെയാണ് വിതരണം ചെയ്യുന്നത്. സേവന പുസ്തകങ്ങൾ, പേ ബിൽ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ എസ്.എൽ.ഐ, ജി.ഐ.സ് തുടങ്ങിയവയുടെ രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ കാഷ്വൽ ലീവ് രജിസ്റ്റർ തയ്യാറാക്കി പരിപാലിക്കുന്നുണ്ട്.

ആസ്തികളുടെ സംരക്ഷണത്തിലും പരിപാലനത്തിലും സ്ഥാപനത്തിന് വീഴ്ചയുണ്ടായിട്ടുണ്ട്. സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്റർ 2013-14 ന് ശേഷം രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കിയിട്ടില്ല. കാലഹരണപ്പെട്ട ഇലക്ട്രോണിക് ആസ്തികൾ ഉൾപ്പെടെയുള്ള ആസ്തികൾ കയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/05/2018 | ഏപ്രിൽ 2018 | PAU3Edry4/18 Dt.15/5/18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2017 ജനുവരി | 2011-12 മുതൽ 2015-16 | എൻ.ബി.എ(എച്ച്.ക്യൂ)VI/ 8A.2577/227. Dt.29/3/17. |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. പലവക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആകയാൽ അവയുമായി ബന്ധപ്പെട്ട വരവുകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. പ്രത്യേക ഉദ്ദേശ്യ പരിപാടികൾക്ക് ലഭ്യമാകുന്ന ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കിബാക്കി എന്നിവ കാണിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ബാലൻസ്ഷീറ്റിലെ ഷെഡ്യൂൾ ബി.4 പ്രകാരം ആകെ 3641048/- രൂപ നീക്കിയിരിപ്പുണ്ട്. തനത് ഫണ്ടിൽ നിക്ഷേപിച്ച മേൽ തുകകളുടെ കൃത്യത അഭാവത്തിൽ വ്യക്തമല്ല.

4. താഴെപ്പറയുന്ന രജിസ്റ്ററുകൾ / രേഖകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആകയാൽ ഇവ പ്രകാരമുള്ള വിവരങ്ങളുടെ ആധികാരികത ഉറപ്പ് വരുത്താനായിട്ടില്ല.

എ. കണ്ടിജന്റ് രജിസ്റ്റർ

ബി. ബാങ്ക് അക്കൗണ്ട് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്

സി. കമ്മ്യൂണിറ്റ് ഹാൾ ഡിമാന്റ് രജിസ്റ്റർ

ഡി. ഡേ ബുക്ക്

5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആകയാൽ ആസ്തികളുടെ മൂല്യം, നിർമ്മിക്കപ്പെട്ടവ ആസ്തിയായി വരവ് വെച്ചോ എന്നീ കാര്യങ്ങളിൽ വ്യക്തതയില്ല.

6. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും സംയുക്ത പ്രോജക്ടുകൾക്കായി മുൻ വർഷങ്ങളിൽ ലഭിച്ച തുകയിൽ നീക്കിയിരിപ്പായ 665790/- രൂപ നാളിതുവരെ

സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല. തനത് ഫണ്ടിൽ സൂക്ഷിച്ച മേൽ തുക അടിയന്തിരമായി തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

7. വാർഷിക കണക്കിൽ അടിസ്ഥാന റേഷ്യോകൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

8. ഷെഡ്യൂൾ ബി.14 പ്രകാരം 10070/- രൂപയുടെ മൂല്യമുള്ള സ്റ്റോക്ക് സ്ഥാപനത്തിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ സ്റ്റേഷനറികളുടെ നീക്കിയിരിപ്പ് മൂല്യം ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. ഡേ ബുക്ക് എല്ലാ ദിവസവും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാ. 01.04.2017 മുതൽ 31.07.2017 വരെ.

10. വാർഷിക കണക്കുകൾ പ്രകാരം 10000/- രൂപയുടെ ഇൻവെസ്റ്റ്മെന്റ് സ്ഥാപനത്തിനുണ്ട്. എന്നാൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

11. ജലനിധിക്കായി ഓഡിറ്റ് വർഷത്തിൽ അക്കൗണ്ട് പ്രകാരം വരവ് 4086996/- രൂപയാണ്. എന്നാൽ ബാങ്ക് അക്കൗണ്ട് പാസ് ബുക്കിൽ ആകെ 4127075/- രൂപ മേൽ കാലയളവിൽ വരവ് വന്നതായി കാണുന്നു. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയത്തിൽ അപാകത

ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയായിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണം, നികുതി നിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം.2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ് എന്ന്

നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ചട്ടം 4(1)ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ ഒരൊറ്റ ഉപയോഗ ക്രമത്തിലുള്ളതും ഒരാളുടെ മാത്രം ഉടമസ്ഥതയിലുള്ളതുമായ കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണയിക്കുന്നത്. ഇതു കാരണം ബഹുനില കെട്ടിടങ്ങളിൽ നിന്നു പോലും 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി പിരിക്കാൻ സാധിക്കുന്നുള്ളൂ. കൂടാതെ 250 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിക്കുമ്പോൾ 2013 ലെ വസ്തു നികുതി ഭേദഗതി ചട്ടത്തിലെ (സ.ഉ.(അച്ചടി).നം.88/2013/ത.സ്വ.ഭ.വ തീയതി.13.03.2013) ആറാം പട്ടിക പ്രകാരം അവയുടെ തറനിർമിതിക്ക് ഇറ്റാലിയൻ മാർബിളോ ഗ്രാനൈറ്റോ പോലുള്ള വസ്തുക്കൾ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അടിസ്ഥാന വസ്തു നികുതിയിൻ മേൽ വരുത്തേണ്ട 15% വർദ്ധനയും വരുത്താൻ സാധിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 100 ച.മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിനു 60/- രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ഒരൊറ്റ ഉപയോഗക്രമമുള്ള കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിനു വസ്തുനികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്.ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു

| ക്രമ നം | വാർഡ് നം/ കെട്ടിട നമ്പർ/ ഉപ യോഗ ക്രമം | ഉടമസ്ഥന്റെ പേര് | പൂർത്തീകരണ സാക്ഷ്യപത്ര പ്രകാരമുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ.) | ബാധകമായ വസ്തുനികുതി നിരക്ക് / ഉപയോഗ ക്രമം | ഇടാക്കേ ണ്ടിയിരുന്ന വസ്തു നികുതി. | സോഫ്റ്റ്വെ യറിൽ രേഖപ്പെ ടുത്തിയ ഉപയോഗ ക്രമം, നിരക്ക് | ഈടാ ക്കിയ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|
| 1 | 3/290 എ മുതൽ 290 ഡി വരെ, | ഗോവിന്ദൻ, നടുക്കണ്ടിയിൽ ഇരിങ്ങണ്ണൂർ | 397.91 ച.മീ, | 60/ 100 ച.മീ ന് മുകളിലുള്ള വാണിജ്യാ വശ്യം | അടിസ്ഥാന വസ്തുനികുതി- 23875 വർദ്ധനവ്- (+20%, വഴി) | 40/ 100 ച.മീ വരെയുള്ള വാണിജ്യാ വശ്യം, (കെട്ടിട നം- | 12328 | 16322 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | ഇളവ്-0<br>ആകെ-28650 | 3/290,291,290 A, 290 B, 290 C, 291 A, 291 B, 291 C, 291 D ) | | |
| ആകെ | | | | | | | | 16322 |

കെട്ടിട ഉടമ സമർപ്പിച്ച പൂർത്തീകരണ അപേക്ഷയോടൊപ്പമുള്ള പ്ലാനിൽ കെട്ടിടത്തിന് ആകെ 239.59 തറവിസ്തീർണ്ണത്തിൽ 3/290,291,290 A, 290 B, 290 C നമ്പറുകൾ നിലവിലുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഒന്നാം നിലയിൽ നിർമ്മിച്ച 158.32 ച.മീ നിർമ്മാണം ക്രമവത്കരിക്കുന്നതിനാണ് ശ്രീ.ഗോവിന്ദൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളതും വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളതുമായ 3/290, 291, 290 A, 290 B, 290 C കെട്ടിട നമ്പറുകളുടെ ആകെ വിസ്തീർണ്ണം 126.94 ച.മീ മാത്രമാണ്. ക്രമ വത്കരിച്ച് നൽകിയ 158.32 ച.മീ ഉൾപ്പെടെ 285.26 ച.മീ ന് മാത്രമെ വസ്തുനികുതി പ്രാബല്യത്തിലാക്കിയിട്ടുള്ളു. കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 397.91 ച.മീ ആണ്.112.65 ച.മീ തറ വിസ്തീർണ്ണത്തിന് വസ്തുനികുതി ബാധകമാക്കിയിട്ടില്ല. 112.65 ച.മീ തറവിസ്തീർണ്ണം വസ്തുനികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടത് സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പെടാത്തത് അപേക്ഷയിന്മേൽ മതിയായ പരിശോധനയും അന്വേഷണവും നടക്കുന്നില്ലെന്നതിന്റെ സൂചനയാണ്.

2. 24.02.2015 തീയതിയിലെ 36/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം (എസ്.ആർ.ഒ 100/2015) ഭേദഗതി ചെയ്യപ്പെട്ട നികുതി നിരക്കുകൾ പഞ്ചായത്ത് നിശ്ചയിക്കുകയോ വിജ്ഞാപനം പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല.
3. 2017-18 വർഷത്തിൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിലെ ബി-9 പട്ടികയിൽ ബാധ്യതയായി രേഖപ്പെത്തിയിട്ടുള്ള വസ്തു നികുതി മുൻകൂർ പിരിവ് തുക141390 രൂപ തുടർ വർഷങ്ങളിൽ ഏതെല്ലാം ഡിമാന്റുകളിലേക്ക് പൊരുത്തപ്പെടുത്തേണ്ടവയാണെന്നത് സംബന്ധിച്ച റിപ്പോർട്ട് സഞ്ചയയിൽ ലഭ്യമല്ല. മേൽ തുകയിൽ 144/2015, 358/2015 നമ്പർ ഉത്തരവുകളിലൂടെ നികുതി ഒഴിവാക്കി നൽകിയതും മുൻകൂർ പിരിവെടുത്തതിൽ മേൽ കെട്ടിട ഉടമകൾക്ക് തിരിച്ച് നൽകേണ്ടതുമായ തുക സംബന്ധിച്ച് സ്ഥാപനത്തിൽ കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

4. ഘടനാപരമായി മാറ്റം വരുത്തിയ ധാരാളം കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിലുണ്ടെന്നും പ്രസ്തുത കെട്ടിടങ്ങൾ ഘടനാപരമായ മാറ്റം വരുത്തിയ കെട്ടിടങ്ങളായി പരിഗണിച്ചല്ല വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളത് എന്ന് 17.10.2017 തീയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട്. 17.10.2017 തീയതിയിലെ 46/2017 തീരുമാന പ്രകാരം അത്തരം കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിന് തീരുമാനമെടുത്തിരുന്നെങ്കിലും ഓഡിറ്റ് തീയതിവരെയും ഫീൽഡ് തല പരിശോധന നടത്തി അത്തരം കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തി തീരുമാനം നടപ്പിലാക്കിയിട്ടില്ല.

സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട പരിഹാര നടപടികൾ

- കെട്ടിടത്തിന് ബാധകമായ ഉപയോഗക്രമവും നികുതി നിരക്കും തെറ്റായി രേഖപ്പെടുത്തിയത് മൂലം ഗ്രാമപഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. ചട്ടവിരുദ്ധമായി ഒരേ ഉപയോഗക്രമത്തിനുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത നമ്പറുകൾ അനുവദിക്കുമ്പോൾ ഒരു കെട്ടിടം എന്ന രീതിയിൽ പരിഗണിക്കാതെ ഒരോ കെട്ടിടനമ്പറിനും ബാധകമായ വിസ്തീർണ്ണത്തിനനുസരിച്ചാണ് ഉപയോഗക്രമവും നികുതി നിരക്കും നിശ്ചയിക്കുന്നത്. പ്രായോഗിക പ്രശ്നങ്ങളെ മുൻനിർത്തി ഇപ്രകാരം ഒരു ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പറുകൾ നൽകുമ്പോൾ ഉപയോഗക്രമം മുഴുവൻ കെട്ടിടത്തിന് ബാധകമായ രീതിയിൽ കണക്കാക്കി സഞ്ചയയിൽ രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരം തെറ്റായ രീതിയിൽ ഉപയോഗക്രമം രേഖപ്പെടുത്തി വസ്തുനികുതി പരിഷ്കരണം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
- 24.02.2015 തീയതിയിലെ 36/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നികുതി നിരക്കുകൾ ഭരണസമിതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്.
- ഗോവിന്ദൻ, നടുക്കണ്ടിയിൽ, ഇരിങ്ങണ്ണൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ മുഴുവൻ തറവിസ്തീർണ്ണത്തിനും ആനുപാതികമായി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.
- ഫീൽഡ് തല പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തേണ്ടതും അത്തരം കെട്ടിടങ്ങളുടെ

വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്.

## 2-2 ഡി & ഒ ലൈസൻസ്- ഡിമാന്റ് പൂർണ്ണമല്ല.

2017-18 വർഷത്തിൽ ഡി&ഒ ലൈസൻസിന്റെ വരവുമായി ബന്ധപ്പെട്ട പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 2017-18 വർഷത്തേക്ക് സ്ഥാപനം തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 501 സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 508 പേർക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഇരുമ്പുരുക്ക് വ്യവസായ കേന്ദ്രം, പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 13-ാം വാർഡിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ വാടകക്കാർ (ഉദാ- വി.എം.രാജേന്ദ്രൻ ),റേഷൻ ഡീലർമാർ എന്നിവർ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടതായും കാണുന്നില്ല. ആയതിൽ നിന്നും ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ലെന്നത് വ്യക്തമാണ്. മേൽ സാഹചര്യത്തിൽ ഡി&ഒ ലൈസൻസ് ഫീ ഡിമാന്റ് തുക തൻ വർഷം വരവായി ലഭിച്ച തുകക്ക് ആനുപാതികമായി ക്രമീകരിച്ചതാണെന്നും ഡി&ഒ ലൈസൻസ് എടുക്കാതെ കച്ചവട സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്നതും വ്യക്തമാണ്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പഞ്ചായത്തിൽ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കുള്ള 2208 കെട്ടിടങ്ങൾ ഉള്ളതായി കാണുന്നു. എന്നാൽ 2017-18 ൽ 508 പേർ മാത്രമെ ലൈസൻസ് എടുത്തിട്ടുള്ളു. സ്ഥാപനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ശേഷിക്കുന്ന കെട്ടിടങ്ങൾ ഒഴിഞ്ഞ് കിടക്കുന്നവയാണോ എന്നത് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

2. അപേക്ഷയിൽ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടത്തിന്റെ നമ്പർ സഞ്ചയ സോഫ്റ്റ്‌വെയറുമായി ഒത്ത് നോക്കിയതിൽ കെട്ടിടം നിലവിലില്ലാത്തതായും , ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ഉപയോഗ ക്രമത്തിന് വിരുദ്ധമായി ഉപയോഗിക്കുന്നതായും കാണുന്നു. ഉദാ- ശാന്ത മാടങ്കോട്ട് കുനിയിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള കുമ്മായനിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്ന 3/269 കെട്ടിടം സഞ്ചയയിൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2. അഭിനവ് കെ.രാജ് എന്നവരുടെ ഉടമസ്ഥതയിലുള്ള ഡന്റൽ ക്ലിനിക് പ്രവർത്തിക്കുന്ന 4/647 N, P, Q നമ്പർ കെട്ടിടങ്ങൾ സഞ്ചയയിൽ

വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3. ഗ്രാമപഞ്ചായത്തിൽ പാരാമെഡിക്കൽ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രത്യേകം രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ 2017-18 വർഷത്തിൽ ലഭിച്ച അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തുകയോ, അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളുടെ ആധികാരികത പരിശോധിക്കുകയോ ചെയ്യുന്നില്ലെന്ന് മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. രജിസ്റ്ററുകൾ പൂർണ്ണമാക്കാത്തതും ലൈസൻസ് സാക്ഷ്യപത്രങ്ങൾ യഥാസമയം അനുവദിച്ച് നൽകാത്തതും പ്രധാന പോരായ്മയാണ്.

സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട പരിഹാര നടപടികൾ

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി ) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 2208 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ഡിമാന്റ് പരിധിയിൽ ഉൾപ്പെട്ടു എന്നത് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-3 <u>തൊഴിൽ നികുതി- ഡിമാന്റ് അപൂർണ്ണം.</u>

2017-18 വർഷത്തിൽ തൊഴിൽ നികുതി പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- പഞ്ചായത്തിലെ ഡി&ഒ ലൈസൻസ് പ്രകാരം 2017-18 വർഷത്തിൽ 508 വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.എന്നാൽ 2017-18 വർഷത്തിൽ 485 കച്ചവടക്കാരിൽ നിന്നു മാത്രമെ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. കച്ചവടക്കാർക്ക് 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ ചട്ടം 10 പ്രകാരമുള്ള ഫോറം 4 ൽ നോട്ടീസ് നൽകുകയോ റിട്ടേൺ വാങ്ങുകയോ ചെയ്തിട്ടില്ല. ഡി & ഒ ലൈസൻസ് അനുവദിച്ച മുഴുവൻ കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ സ്ഥാപനം ശ്രദ്ധ ചെലുത്തിയിട്ടില്ല.

- കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിക്ക് തൊഴിലുടമയോട് ജീവനക്കാരോ,ഉദ്യോഗസ്ഥൻമാരോ കരാറുകാരോ ആയി ജോലി ചെയ്യുന്ന എല്ലാവരുടെയും പേര് അടങ്ങിയ ലിഖിതമായ പട്ടിക അങ്ങനെ ജോലിയിൽ ഏർപ്പെടുത്തിയിട്ടുള്ള ആളുടെ ശമ്പളത്തേയോ വരുമാനത്തേയോ സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് സഹിതം ആവശ്യപ്പെടാവുന്നതാണ്. എന്നാൽ പ്രസ്തുത അധികാരം ഉപയോഗപ്പെടുത്തി ഒന്നോ അതിലധികമോ ജീവനക്കാരുള്ള സ്ഥാപനങ്ങളുടെ ഉടമകളിൽ നിന്ന് റിട്ടേണുകൾ ലഭ്യമാക്കി നോട്ടീസ് നൽകി തൊഴിൽ നികുതിയുടെ വരുമാന പരിധിയിൽ ഉൾപ്പെടുന്നവരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. ഉദാ -: ശ്രീ. നിത്യാനന്ദ് ടിമ്പർ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ ഡി&ഒ ലൈസൻസിനുള്ള അപേക്ഷയിൽ സ്ഥാപനത്തിൽ 6 ജീവനക്കാർ ജോലി ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ജീവനക്കാരിൽ നിന്നും 2017-18 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
- പഞ്ചായത്ത് പരിധിയിൽ താമസിച്ച് കെട്ടിടങ്ങൾ വാടകക്ക് നൽകി വരുമാനം ആർജ്ജിക്കുന്നവരിൽ നിന്നും സ്ഥാപനം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സ്ഥാപന പരിധിയിൽ ജോലി ചെയ്യുന്ന റേഷൻ ഡീലർമാർ, ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ, ആധാരം എഴുത്ത് ജോലിക്കാർ, അഭിഭാഷകർ, ഡോക്ടർമാർ എന്നിവരും നിന്നും 2017-18 വർഷത്തിൽ തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഡിമാന്റ് ചെയ്യപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി മുതൽ 205 എഫ് വരെയുള്ള നടപടിക്രമങ്ങൾ പാലിച്ച് തൊഴിലുടമകൾ, കെട്ടിട ഉടമകൾ ,ആഫീസ് മേധാവികൾ എന്നിവരോട് വിവരങ്ങളും രേഖകളും ആവശ്യപ്പെടുന്നതിലുണ്ടായ വീഴ്ചയാണ് 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളുടെ പരിധിയിൽ വരുന്ന മുഴുവൻ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ സ്ഥാപനത്തിന് വീഴ്ചയുണ്ടായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട പരിഹാര നടപടികൾ

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി മുതൽ 205 എഫ് വരെയും സെക്ഷൻ 204– (1) പ്രകാരവുമുള്ള നടപടിക്രമങ്ങൾ ഉറപ്പ് വരുത്തി ഡിമാന്റ് പൂർണ്ണമാക്കേണ്ടതാണ്.

## 2-4 കെട്ടിട നിർമ്മാണ നിയന്ത്രണം-അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2017-18 വർഷത്തിൽ ബിൽഡിംഗ് പെർമിറ്റ്, കംപ്ലീഷൻ, ക്രമവത്കരണം, പെർമിറ്റ് പുതുക്കൽ, ഭൂവികസനം എന്നിവയുമായി ബന്ധപ്പെട്ട് സ്ഥാപനത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ, ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ രജിസ്റ്ററുകൾ എന്നിവ പരിശോധിക്കുകയും ചെയ്തതിൽ താഴെ പറയുന്ന അപാകതകൾ സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങളുമായി ബന്ധപ്പെട്ട് 2017-18 വർഷത്തിൽ ലഭിച്ച അപേക്ഷകളുടെ വിശദാംശം പട്ടികയിൽ ചേർക്കുന്നു.

| ഇനം | ലഭിച്ച അപേക്ഷകൾ | അനുവദിച്ചത് | നിരസിച്ചത് | തീർപ്പാകാതെ അവശേഷിക്കുന്നത് |
|---|---|---|---|---|
| പെർമിറ്റ്/ കംപ്ലീഷൻ | 253 | 193 | 22 | 38 |
| ക്രമ വത്കരണം | 72 | 72 | 0 | 0 |
| ആകെ | 325 | 265 | 22 | 38 |

2017-18 ൽ ആകെ ലഭിച്ച 325 അപേക്ഷകളിൽ 72 എണ്ണവും ക്രമ വത്കരണത്തിനുള്ളതാണ്. 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ, ചട്ടം 138 ൽ കെട്ടിടങ്ങളുടെ ക്രമവത്കരണം നടത്തുന്നതിന് സെക്രട്ടറിക്കുള്ള അധികാരങ്ങൾ വ്യക്തമാക്കുന്നതിനൊപ്പം അനധികൃത കെട്ടിട നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ട പ്രകാരമുള്ള ഉത്തരവാദിത്തം ഒഴിവാക്കപ്പെടുന്നില്ലെന്നത് വ്യക്തമായി പരാമർശിക്കുന്നുണ്ട്. എന്നാൽ മേൽ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തി എന്നാണ് ഈ ഇനത്തിൽ ലഭ്യമാവുന്ന അപേക്ഷകളുടെ എണ്ണം സൂചിപ്പിക്കുന്നത്. ചട്ടം 137 (3) പ്രകാരം ക്രമവത്കരണത്തിന് രജിസ്റ്റർ തയ്യാറാക്കി പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം പ്രത്യേകം നിരീക്ഷിച്ചിട്ടില്ല.

കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന ഫയലുകൾ പരിശോധിച്ചതിൽ അപാകതകളുള്ളതായി കാണുന്നു. അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.ഓഡിറ്റ് അന്വേഷണ കുറിപ്പിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഫയൽ നം- എ2-876/17, തീയതി. 17.02.2017

കിഴക്കെ പുതുക്കുടി പുരുഷു, മാക്സൺ എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള 3/141 നമ്പർ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വിനിയോഗ ഗണം വിദ്യഭ്യാസ ഗണത്തിലേക്ക് മാറ്റുന്നതിനായാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. കെട്ടിടം ആവശ്യത്തിന് അതിരളവുകൾ പാലിക്കുന്നില്ലെന്ന കാരണത്താൽ അപേക്ഷ നിരസിച്ച് 10.03.2017 തീയതിയിലെ എ2-876/17 നമ്പർ കത്ത് മുഖേന അപേക്ഷകന് അറിയിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ 2017-18, 2018-19 വർഷങ്ങളിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത സ്ഥാപനം നിലവിലും പ്രവർത്തിക്കുന്നതായി കാണുന്നു . 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ പരിപാലനം ഉറപ്പ് വരുത്തേണ്ട ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിക്കുന്ന മേൽ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന നോട്ടീസ് നൽകി ഫയൽ തീർപ്പാക്കുകയാണ് ചെയ്തിട്ടുള്ളത്. കെട്ടിടം അനധികൃത കെട്ടിടമായി പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

2. ഫയൽ നം. എ2-2164/17, തീയതി.18.04.2017,

ശ്രീ.അലി, വെളിച്ചത്താം കണ്ടിയിൽ എന്നവരുടെ 8253/13, തീ.20.06.2014 നമ്പർ പെർമിറ്റ് പ്രകാരം 437.59 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള നിർമ്മാണ അനുമതി ലഭിച്ചതും എ2-2164/17, തീയതി.18.04.2017 പ്രകാരം പൂർത്തീകരണ അപേക്ഷ സമർപ്പിച്ചതുമായ 448.14 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

- നിർമ്മാണ അനുമതിയിൽ അധികരിച്ച വിസ്തീർണ്ണത്തിന് ആനുപാതികമായി ക്രമവത്കരണ ഫീ ഈടാക്കിയിട്ടുണ്ടോ. ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.
- തറനിലയിൽ പാർക്കിംഗ് സ്ഥലമായി രേഖപ്പെടുത്തിയ പ്രദേശത്തിന്റെ വീതി എത്രയെന്നത് പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.
- പാർക്കിംഗ് രേഖപ്പെടുത്തിയ പാസേജിന്റെ അറ്റത്തുള്ളതും പ്ലാനിൽ തുറസ്സായതായും രേഖപ്പെടുത്തിയിട്ടുള്ളതും ആയ ഏരിയ (13/373 ജെ, 13/373.കെ നമ്പർ മുറികളുടെ ഇടയിലുള്ള സ്ഥലം) നിലവിലും തുറസ്സായാണോ നിലനിർത്തിയിട്ടുള്ളത് എന്നതും കെട്ടിടത്തിലേക്കുള്ള റാമ്പിന്റെ തത്സ്ഥിതി

എന്നിവ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

- 358.51 ച.മീ കാർപെറ്റ് വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ കയറ്റിറക്കത്തിനുള്ള സ്ഥലം, ടൂ വീലർ പാർക്കിംഗ് , ഭിന്നശേഷിക്കാർക്കുള്ള പാർക്കിംഗ് എന്നിവ രേഖപ്പെടുത്തിയതായി കാണുന്നില്ല.

ഫയലിൽ സ്ഥല പരിശോധന നടത്തി വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.. മേൽ പരാമർശിച്ച വിഷയങ്ങൾ പരിശോധിച്ച് ഓഡിറ്റിന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

മേൽ പരാമർശിച്ച അപാകതകൾ സ്ഥാപനതലത്തിൽ പരിശോധിക്കേണ്ടതും , താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ഉചിതമായ പരിഹാര നടപടികൾ സ്വീകരിച്ച് , സെക്രട്ടറി ഓഡിറ്റിന് റിപ്പോർട്ട് ചെയ്ത് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

1. പെർമിറ്റില്ലാതെ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് ഫീൽഡ് ക്ലർക്കുമാർക്ക് നിർദ്ദേശം നൽകേണ്ടതും ,കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ പരിപാലനം ഉറപ്പ് വരുത്തേണ്ടതുമാണ്.അനധികൃത നിർമ്മാണങ്ങൾ ചട്ട പ്രകാരം ക്രമപെടുത്തി നൽകുകയോ , പൊളിച്ച് മാറ്റുകയോ ചെയ്യേണ്ടതാണ്.

2. അപേക്ഷ രജിസ്റ്റർ പൂർണ്ണമായ രീതിയിൽ പരിപാലിക്കേണ്ടതാണ്. മുഴവൻ കോളങ്ങളിലും രേഖപ്പെടുത്തൽ വരുത്തി, പെർമിറ്റുകൾ കെട്ടിട നിർമ്മാണ പൂർത്തീകരണം വരെ നിരീക്ഷിക്കേണ്ടതാണ്. കാല പരിധി പിന്നിട്ട പെർമിറ്റുകളുടെ തത്സ്ഥിതി പരിശോധിക്കുന്നതിന് ഫീൽഡ് ക്ലർക്കുമാരെ ചുമതലപ്പെടുത്തേണ്ടതാണ്.

## 2-5 വാടക വരവ്- അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ്, കമ്മ്യൂണിറ്റി ഹാൾ എന്നിവയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററുകൾ, കരാറുകൾ, ബൈലോ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുകയും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സ്ഥാപനത്തിന് ഓഡിറ്റ് അന്വേഷണകുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

1. ഫ്രണ്ട് ഓഫീസിലെ കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കാൻ സാധിക്കാത്ത കാരണത്താൽ സാംഖ്യ മുഖേന രശീതുകൾ അനുവദിക്കുന്നതിന് കഴിയാത്ത സാഹചര്യം

പരിഗണിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 13.09.2017 തീയതിയിലെ 39/17 നമ്പർ തീരുമാനപ്രകാരം സെപ്തംബർ മാസത്തെ വാടക അടക്കുന്നതിൽ വീഴ്ച വരുത്തിയവർക്ക് പിഴ തുക ഒഴിവാക്കി നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇത് പ്രകാരം ബൈലോ പ്രകാരം വാടക അടവാക്കേണ്ട 10-ാം തീയതി കഴിഞ്ഞ് തുക അടവാക്കിയവരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. സാംഖ്യ രശീതുകൾ അനുവദിക്കാൻ കഴിയാത്ത സാഹചര്യത്തിൽ മാന്വൽ രശീതിയിലൂടെ തുക സ്വീകരിക്കേണ്ടതും ആയത് ഇന്ററപ്റ്റ് രശീതുകളായി സാംഖ്യയിൽ രേഖപ്പെടുത്തേണ്ടതുമാണ്. മേൽ സാധ്യതകൾ ഉപയോഗിച്ച് ഫ്രണ്ട് ഓഫീസിൽ തുക സ്വീകരിക്കാതിരുന്ന സാഹചര്യം പൊതുഭരണത്തിന്റെ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കാതെയാണ് പിഴ ഒഴിവാക്കി നൽകുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളത്.

2. 13/739,740 നമ്പർ മുറികളിലെ വാടകക്കാരനായ ശ്രീ.വി.എം. രാജേന്ദ്രൻ എന്നവരുടെ വാടക അടവാക്കിയ തീയതി, രശീത് നമ്പർ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ബൈലോയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സമയപരിധി പാലിക്കാതെ വാടക അടവാക്കിയിട്ടുണ്ടോ എന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല.
3. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപറേഷൻ, എടച്ചേരി സർവ്വീസ് കോ-ഓപറേറ്റീവ് ഹൗസിംഗ് സൊസൈറ്റി എന്നീ വാടകക്കാരുമായി ഗ്രാമപഞ്ചായത്ത് ബൈലോയിൽ വ്യവസ്ഥ ചെയ്യും പ്രകാരം കരാറിൽ ഏർപ്പെട്ടിട്ടില്ല.
4. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപറേഷന് വാർഷിക വാടക വർദ്ധനവ് വരുത്തിയിട്ടില്ല.
5. 2017-18 ജൂലൈ മുതൽ ജി.എസ്.ടി നിലവിൽ വന്ന സാഹചര്യത്തിൽ വാടക കെട്ടിടങ്ങളിൽ നിന്നും 18% ജി.എസ്.ടി ഈടാക്കേണ്ടതുണ്ട്. എന്നാൽ വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് വാടകക്കൊപ്പം ചരക്ക് സേവന നികുതി ഈടാക്കുന്നില്ലെന്ന് കാണുന്നു. .
6. കമ്മ്യൂണിറ്റി ഹാൾ വാടകക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് സ്ഥാപനം ബൈലോ തയ്യാറാക്കിയിട്ടില്ല.

ബൈലോയിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിലുണ്ടായ വീഴ്ചയാണ്

മേൽ അപാകതകൾക്ക് കാരണമായിട്ടുള്ളത്. മുഴുവൻ വാടകക്കാരുമായി കരാറിൽ ഏർപ്പെടേണ്ടതും കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപറേഷന് വാർഷിക വാടക വർദ്ധനവ് ബാധകമാക്കേണ്ടതുമാണ്, കമ്മ്യൂണിറ്റി ഹാൾ വാടകയുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം വാങ്ങേണ്ടതുമാണ്. കുടിശ്ശിക വരുത്തുന്നവരിൽ നിന്നും പിഴ ഈടാക്കുന്നുണ്ടെന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിലുണ്ടായ വീഴ്ചകാരണം വൻ തുക നഷ്ടപ്പെട്ടു.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കാൻ കഴിയാഞ്ഞതിനാൽ പൊതുമരാമത്ത് പദ്ധതികൾക്കായി വകയിരുത്തിയ തുകയിൽ ഭൂരിഭാഗം തുകയും ചെലവഴിക്കാൻ കഴിയാതെ പഞ്ചായത്തിന് നഷ്ടപ്പെടുന്നതിനിടയായി. എ.ഇ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം 82 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിരുന്നത്. ഇതിൽ 43 പദ്ധതികളിൽ മാത്രമാണ് പഞ്ചായത്തിന് പണം ചെലവഴിക്കാൻകഴിഞ്ഞത് ഇതുകാരണം തൻ വർഷം വകയിരുത്തിയ 30780615 രൂപയിൽ 12156669 രൂപയേ ചെലവഴിക്കാനായി കഴിഞ്ഞുള്ളൂ (വകയിരുത്തിയ തുകയുടെ 39.49 %മാത്രം). പദ്ധതിക്കായി വിവിധ ഫണ്ടുകളിൽ നിന്നും വകയിരുത്തിയ തുകയുടെയും ചെലവിന്റെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാത്ത തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് | 4558715 | 1189354 | 3369361 | 26.08 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 8082094 | 1667605 | 6414489 | 20.63 |
| ലോകബാങ്ക് | 1360251 | 763202 | 597049 | 56.10 |

| | | | | |
|---|---|---|---|---|
| സഹായം | | | | |
| തനത്ഫണ്ട് | 3490001 | 1392964 | 2097037 | 39.91 |
| മെയിന്റനെന്സ് ഗ്രാന്റ് റോഡ് | 9566616 | 5219103 | 4347513 | 54.55 |
| മെയിന്റനെന്സ്ഗ്രാന്റ് നോൺറോഡ് | 3722938 | 1924441 | 1798497 | 51.69 |
| ആകെ | 30780615 | 12156669 | 18623946 | 39.49 |

മേൽ തുകകളിൽ വികസനഫണ്ട്, ധനകാര്യകമ്മീഷൻഗ്രാന്റ്, ലോകബാങ്ക് സഹായം, മെയിന്റനെൻസ് ഫണ്ട്റോഡ്, നോൺ റോഡ് ഇനങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ സർക്കാരിലേക്ക് തിരിച്ച് പോകും എന്നതിനാൽ മേൽ ഇനങ്ങളിൽ തൻവർഷം ചെലവഴിക്കാൻ കഴിയാതെ 18623946 രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്.

2017-18 വാർഷിക പദ്ധതിക്ക് 31-05-2017ന് തന്നെ ഡി.പി.സി അംഗീകാരം ലഭിച്ചിട്ടുണ്ട് എന്നിരിക്കെയാണ് പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാതെ വകയിരുത്തിയ ഫണ്ട് നഷ്ടപ്പെടുന്നതിനിടയായത്. അംഗീകാരം നേടിയ പദ്ധതികൾ യഥാസമയം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കി ടെൻണ്ടർ ചെയ്ത് കരാറുകാരെതീരുമാനിച്ച് കരാറിൽ ഏർപ്പെടുന്നതിലും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലും വന്ന കാലതാമസമാണ് പദ്ധതി ചെലവ് കുറയുന്നതിനിടയാക്കിയത്. തൻ വർഷം അംഗീകാരം ലഭിച്ച 48 പുതിയ പ്രോജക്ടുകളിൽ പ്രോജക്ടുകളിൽ 12 എണ്ണത്തിൽ മാത്രമേ തൻവർഷം ചെലവുള്ളൂ എന്നത് ഇത് വ്യക്തമാക്കുന്നു. തൻവർഷം കരാറിലേർപ്പെട്ട 41 പുതിയ 21 എണ്ണത്തിലും മാർച്ച് മാസത്തിലാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. നിർവ്വഹണഘട്ടത്തിൽ വന്ന മേൽ അപാകതകൾ യഥാസമയം കണ്ടെത്തി പരിഹരിക്കുന്നതിനും പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിനും മേൽനോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റിക്കും കഴിയാതെ പോയി .

<u>പൊതുമരാമത്ത് പദ്ധതി നിർവ്വഹണത്തിലെ മറ്റ് അപാകതകൾ-</u>

<u>1-മോണിറ്ററിംഗ് സമിതി റിപ്പോർട്ടില്ല.</u>

പൊതുമരാമത്ത് പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ തൻവർഷം പൂർത്തിയാക്കി ഫൈനൽ ബിൽ നൽകിയ പൊതുമരാമത്ത് പ്രവൃത്തി ഫയലുകളിൽ ഒന്നും തന്നെ പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടില്ല. പദ്ധതി രൂപീകരണത്തിനുശേഷം നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതും പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച ഒരു മോണിറ്ററിംഗ് റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.

<u>2-സ്റ്റാറ്റസ് റിപ്പോർട്ട് പൂർണ്ണമല്ല-</u>

സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിക്കുന്ന മേഖലയെ സംബന്ധിച്ച പ്രശ്നങ്ങളുടെ പരിഹാരമെന്ന നിലയിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത്. എന്നാൽ 2017-18 വർഷ സ്റ്റാറ്റസ് റിപ്പോർട്ടിൽ മേഖല നേരിടുന്ന പ്രശ്നങ്ങളെന്തെന്ന് വിശകലനം നടത്തുകയോ പ്രശ്നപരിഹാരങ്ങൾ നിർദ്ദേശിക്കുകയോ ചെയ്തിട്ടില്ല. മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പദ്ധതികൾ രൂപീകരിക്കപ്പെടുന്നത് എന്നതും പദ്ധതികൾ യഥാർത്ഥ ആവശ്യങ്ങൾ ഉൾക്കൊണ്ടു കൊണ്ടല്ല രൂപീകരിക്കപ്പെടുന്നത് എന്നതും പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ലാതാക്കുന്നു.

<u>3-മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ വൻകാലതാമസം-</u>

പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം പരിശോധിച്ചതിൽ കരാറിൽ ഏർപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ വൻകാലതാമസം വരുത്തുന്നതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്,നം | കരാർ തീയ്യതി | പ്രവൃത്തി പൂർത്തീകരണം | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|---|
| നടുക്കണ്ടി തുണ്ടിയിൽമുക്ക് റോഡ് പ്രോജക്ട് നം-104/17-18 | 11-1-17 | 16-12-17 | 325000 | 321304 |
| പൊയിൽമുക്ക് താഴെകണ്ടി റോഡ് പ്രോജക്ട്-98/17-18 | 24-1-17 | 18-12-17 | 300000 | 297392 |

| | | | | |
|---|---|---|---|---|
| കളിയാം വെള്ളി വെങ്കല്ലൂർ റോഡ് പ്രോജക്ട്- 106/17-18 | 30-1-17 | 29-12-17 | 300000 | 299211 |

മേൽ പ്രവൃത്തികളുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള പൂർത്തീകരണ കാലയളവ് മൂന്നുമാസമാണ്. മേൽ പ്രവൃത്തികൾ ഉൾപ്പെടെ നിശ്ചയിച്ച സമയത്ത് പൂർത്തീയാക്കാത്ത പൊതുമരാമത്ത് പ്രവൃത്തികളിൽ ഒന്നും തന്നെ തൻവർഷം കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-2 വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രൊജക്ട് നമ്പർ 45/18- ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസൻറീവ് നൽകാനാണ് പ്രസ്തുത പ്രൊജക്ട് നടപ്പിലാക്കിയത്. ഇൻസൻറീവ് വിതരണം ചെയ്ത ലിസ്റ്റിൽ ഗുണഭോക്താക്കളുടെ വാർഡ് നമ്പർ, വീട്ട് പേര് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ലിസ്റ്റിന്റെ അഭാവത്തിൽ തുക വിതരണം ചെയ്തത് എന്ത് മാനദണ്ഡത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ്.

2. പ്രൊജക്ട് നമ്പർ 75/18 – പ്രൊജക്ട് നടപ്പാക്കിയത് മൃഗാശുപത്രിക്ക് മരുന്ന് വാങ്ങാനായിട്ടാണ്. വാങ്ങിയ മരുന്നുകൾ ഒരു പുതിയ സ്റ്റോക്ക് രജിസ്ററിൽ രേഖപ്പെടുത്തി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ടി വാങ്ങൽ നടത്തുന്നതിനു മുൻപ് മൃഗാശുപത്രിയിൽ മരുന്നുകൾ വിതരണം ചെയ്യാതെ അവശേഷിച്ചിരുന്നോ എന്ന വിവരം പ്രസ്തുത സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. ആയതിനാൽ പഴയ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3. പ്രൊജക്ട് നമ്പർ 77/18 –ക്ഷീരഗ്രാമം– വനിതകൾക്ക് കറവപ്പശുക്കളെ നൽകാനായാണ് ടി പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയത്. ഭരണസമിതി

അംഗീകരിച്ച 20 ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്നും 15 പേരാണ് ആനുകൂല്യം കൈപ്പറ്റിയത്. എന്നാൽ 13ാം പഞ്ചവത്സര പദ്ധതി സ്റ്റാറ്റസ് റിപ്പോർട്ടിൽ എടച്ചേരി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കാലിത്തീറ്റയ്ക്ക് ഉയർന്ന വില കാരണം ലഭ്യത കുറവ്, ജല ലഭ്യതക്കുറവ് കാരണം തീറ്റപ്പുൽക്കൃഷി പ്രശ്നം, പുറത്തു നിന്നുള്ള പാലിന്റെ വരവ് കാരണം പാലിന്റെ ആഭ്യന്തര വിപണന പ്രശ്നം, കാർഷിക മാന്ദ്യം കാരണം ചാണകത്തിന്റെ ആഭ്യന്തര വിപണന പ്രശ്നം എന്നിവ പ്രദേശത്തെ മൃഗസംരക്ഷണ- ക്ഷീരവികസന മേഖലയിലെ പ്രധാന വെല്ലുവിളികളായി വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രശ്നങ്ങൾക്കുള്ള പരിഹാരമെന്ന നിലയിലുള്ള പ്രോജക്ടുകൾ ഒന്നും തന്നെ തൻവർഷം രൂപീകരിച്ച് നടപ്പിലാക്കിയിട്ടില്ല.

## 3-3 ഒരേ വാഹനത്തിന് ഒരേ സമയം രണ്ടു പദ്ധതികളിൽ വാടക നൽകി.

മെഡിക്കൽ ഓഫീസർ (പി എച്ച് സി) നടപ്പിലാക്കിയ പാലിയേറ്റീവ് പരിചരണം (പ്രോ.നം.57/18), സമഗ്ര ആരോഗ്യ പരിപാടി- വാഹനവാടക (പ്രോ.നം 58/18) എന്നീ പദ്ധതികൾ പരിശോധിച്ചതിൽ, കെ എൽ 18 J 1017 നമ്പർ വാഹനം രണ്ടു പദ്ധതികളുമായി ബന്ധപ്പെട്ട് ഒരേ സമയത്ത് രണ്ട് ആവശ്യങ്ങൾക്ക് ഓടിയതായും രണ്ടു പദ്ധതികളിൽ നിന്നും തുക അനുവദിച്ചതായും കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| തീയതി | ട്രിപ്പ് ഷീറ്റു പ്രകാരംസമഗ്ര ആരോഗ്യ പരിപാടി- ആവശ്യത്തിന് ഓടിയതിന്റെ വിവരം | പാലിയേറ്റീവ് ഹോം കെയറിന് വാഹനം ഓടിയതിന്റെ വിവരം |
|---|---|---|
| 18.04.2017 | രാവിലെ 9 മുതൽ രോഗപ്രതിരോധ കുത്തിവെപ്പുകൾക്കായി പോയത് 20 കി. മീ യാത്ര 4മണിക്കൂർ വെയിറ്റിങ്ങ്<br>വാടക 600/- രൂപ | രാവിലെ 9.30 മുതൽ വൈകീട്ട് 3.45 വരെ പാലീയേറ്റീവ് ഹോം കെയറിന് പോയത് 42 കിലോമീറ്റർ യാത്ര |

| | | |
|---|---|---|
| | | വാടക 950/- രൂപ |
| 02.05.2017 | രാവിലെ 10 മുതൽ 12.45 വരെ PHC യിലേക്ക് ഫ്രിഡ്ജ് എത്തിക്കുന്നതിന് 18കിലോമീറ്റർ യാത്ര<br>വാടക 600/- രൂപ | രാവിലെ 9 മുതൽ വൈകീട്ട് 3.30 വരെ പാലീയേറ്റീവ് ഹോം കെയറിന് പോയത്<br>വാടക 950/- രൂപ |
| 16.05.2017 | രാവിലെ 9.30 മുതൽ 1.30 വരെ രോഗപ്രതിരോധ കുത്തിവെപ്പുകൾക്കായി 20 കിലോമീറ്റർ യാത്ര<br>വാടക 600/- രൂപ | രാവിലെ 9.30 മുതൽ വൈകീട്ട് 3.30 വരെ പാലീയേറ്റീവ് ഹോം കെയറിന് 38 കി. മീ യാത്ര<br>വാടക 950/- രൂപ |
| 23.05.2017 | രാവിലെ 9.15 മുതൽ 2 വരെ രോഗപ്രതിരോധ കുത്തിവെപ്പുകൾക്കായി 21 കിലോമീറ്റർ യാത്ര, വെയിറ്റിംഗ് 3 hrs<br>വാടക 600/- രൂപ | രാവിലെ 9.00 മുതൽ വൈകീട്ട് 3.30 വരെ പാലീയേറ്റീവ് ഹോം കെയറിന് 38 കി. മീ യാത്ര<br>വാടക 950/- രൂപ |
| 11.07.2017 | രാവിലെ 9.00 മുതൽ 2.45 വരെ രോഗപ്രതിരോധ കുത്തിവെപ്പുകൾക്കായി യാത്ര. വെയിറ്റിംഗ് 3 hrs<br>വാടക 600/- രൂപ | രാവിലെ 9 മുതൽ വൈകീട്ട് 3.30 വരെ പാലീയേറ്റീവ് ഹോം കെയറിന് 38 കി. മീ യാത്ര |

| | | |
|---|---|---|
| | | വാടക 950/- രൂപ |
| 08.08.2017 | രാവിലെ 9.30 മുതൽ 2.30 വരെ രോഗപ്രതിരോധ കുത്തിവെപ്പുകൾക്കായി 20 കി.മീ യാത്ര.<br>വെയിറ്റിംഗ് 3 hrs<br>വാടക 600/- രൂപ | രാവിലെ 9.30 മുതൽ വൈകീട്ട് 3.30 വരെ പാലീയേറ്റീവ് ഹോം കെയറിന് 37 കി. മീ യാത്ര<br>വാടക 950/- രൂപ |
| 17.08.2017 | രാവിലെ 9.30 മുതൽ 2 വരെ രോഗപ്രതിരോധ കുത്തിവെപ്പുകൾക്കായി 20 കി. മീ യാത്ര.<br>വെയിറ്റിംഗ് 3 hrs<br>വാടക 600/- രൂപ | രാവിലെ 9.30 മുതൽ വൈകീട്ട് 3.30 വരെ പാലീയേറ്റീവ് ഹോം കെയറിന് 36 കി. മീ യാത്ര<br>വാടക 950/- രൂപ |
| 17.02.2018 | രാവിലെ 9.30 മുതൽ 2.30 വരെ രോഗപ്രതിരോധ കുത്തിവെപ്പുകൾക്കായി 20 കി. മീ യാത്ര .<br>വെയിറ്റിംഗ് 4 hrs<br>വാടക 600/- രൂപ | രാവിലെ 9.30 മുതൽ വൈകീട്ട് 3.45 വരെ പാലീയേറ്റീവ് ഹോം കെയറിന് 39 കി. മീ യാത്ര<br>വാടക 950/- രൂപ |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(19/2017-18 തീ. 27.03.2019)മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ തീയതികളിൽ വാടകയിനത്തിൽ ചെലവഴിച്ച 12,400/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ വിഷയത്തിൽ ഭരണസമിതി HMC മാനേജ്മെന്റ്

കമ്മിറ്റി വിശദമായ മറുപടി ലഭ്യമാക്കേണ്ടതും ആവശ്യമായ പരിശോധന നടത്തി വാടകയിനത്തിൽ അധികം നൽകിയ മുഴുവൻ തുകയും തിരികെ ഈടാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതുമാണ്.

## 3-4 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് അടവാക്കിയ തുകയിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കിയില്ല

തൻവർഷം സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ രണ്ട് പദ്ധതികളിലായി പി.ഡബ്ല്യു.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ ഡിവിഷൻ, കോഴിക്കോട്- ന് താഴെ പറയും പ്രകാരം തുക അടവാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് നം, പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 38/18<br>പി.എച്ച്.സി വൈദ്യുതി കണക്ഷൻ ത്രീ ഫേസ് ആക്കൽ | 19250/- വികസന ഫണ്ട് (ജനറൽ)<br>1,54,000/- (സംരക്ഷണ ഗ്രാന്റ് റോഡിതരം)<br>ആകെ : 1,73,250/- | 19,250/- (ബിൽ നം. 19/17-18 തീ. 24.11.17)<br>1,54,000/- (ബിൽ നം. 14/17-18 തീ. 12.10.2017) |
| 2 | 39/189<br>ഹോമിയോ ആശുപത്രി വൈദ്യുതീകരണം | 700/- വികസന ഫണ്ട് (ജനറൽ)<br>7,463/- (തനത് ഫണ്ട്)<br>65,300/- (സംരക്ഷണ | 700/- (ബിൽ നം. 20/17-18 തീ. 27.11.17)<br>7,463/- തനത് ഫണ്ട്<br>65,300/- (ബിൽ നം. 15/17-18 തീ. |

| | | | |
|---|---|---|---|
| | | ഗ്രാന്റ് റോഡിതരം) ആകെ : 73,463/- | 12.10.2017) |

മേൽ രണ്ട് പ്രവൃത്തികളും പൂർത്തിയാക്കിയതായി പി.ഡബ്ല്യ.ഡി ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. 29.07.2018 ലെ വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം പി.എച്ച്.സി വൈദ്യുതി കണക്ഷൻ ത്രീ ഫേസാക്കൽ പദ്ധതിക്കായി അടവാക്കിയ തുകയിൽ പദ്ധതിചെലവ് കഴിച്ച് 3,968/- രൂപയും, ഹോമിയോ ആശുപത്രി വൈദ്യുതീകരണം പ്രൊജക്റ്റിൽ പദ്ധതി ചെലവ് കഴിച്ച് 19,427/- രൂപയും വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ടെന്നും ആയത് തിരികെ നൽകുന്നതിനായി സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങളും, അനുബന്ധ വിവരങ്ങളും അറിയിച്ചു കൊടുക്കാൻ ആവശ്യപ്പെട്ടിട്ടുമുണ്ട്. എന്നാൽ നാളിതുവരെയും തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. പദ്ധതി പൂർത്തീകരണം കഴിഞ്ഞും വിനിയോഗിക്കാതെ ശേഷിക്കുന്ന 23,395 രൂപ തിരികെ ലഭ്യമാക്കി അറിയിക്കേണ്ടതാണ്. അധികം നൽകിയ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 തെരുവുവിളക്ക് സ്ഥാപിക്കൽ - ഗുണനിലവാരം കുറഞ്ഞ തെരുവുവിളക്കുകൾ സ്ഥാപിച്ചു.

പ്രൊജക്റ്റ് നമ്പർ : 129/18

വകയിരുത്തിയ തുക : 1,20,000/- (തൻവർഷം)

ചെലവുതുക : 1,20,000/- (ബിൽ നം. 11/17-18 തീ. 31.08.2017)

ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തും, 2017-18 വാർഷിക പദ്ധതിയിൽ സ്പിൽ ഓവറായി നടപ്പാക്കിയതുമായ തെരുവു വിളക്കുകൾ സ്ഥാപിക്കൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 100 തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രൊജക്റ്റ് ടെണ്ടർ നടപടികളിലൂടെ ശ്രീ. അമൽ, താഴെക്കണ്ടിയിൽ എന്നവർ കരാർ ഏറ്റെടുക്കുകയും, 2016-17 വർഷത്തിൽ 40 തെരുവ് വിളക്കുകളും, 2017-18 വർഷത്തിൽ 60 തെരുവു വിളക്കുകളും വിളക്ക് ഒന്നിന് 2000/- രൂപ നിരക്കിൽ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ

സ്ഥാപിച്ചിട്ടുമുണ്ട് (ഓട്ടോമാറ്റിക്ക് സ്ട്രീറ്റ് ലൈറ്റ് (36W)). ഇത് പ്രകാരം 28.03.2017 ന് 80,000/- രൂപയും, 31.08.2017 ന് 1,20,000/- രൂപയും കരാറുകാരന് നൽകിയിട്ടുണ്ട്. ശ്രീ. അമലിൽ നിന്നും 200/- രൂപയുടെ മുദ്രപത്രം വാങ്ങി വച്ചതല്ലാതെ ആയതിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച കരാർ നിബന്ധനകളൊന്നും തന്നെ എഴുതിച്ചേർത്തിട്ടില്ല.

സ്ഥാപിച്ച തെരുവ് വിളക്കുകൾ ഭൂരിഭാഗവും ചുരുങ്ങിയ ദിവസങ്ങൾക്കകം തന്നെ പ്രവർത്തന രഹിതമായിയെന്നും ആയവ മാറ്റിസ്ഥാപിക്കുന്നതിന് നിരന്തരം ആവശ്യപ്പെട്ടിട്ടും നടപടി ഉണ്ടായില്ല എന്നും 7 ദിവസത്തിനകം കാരണം ബോധിപ്പിക്കുന്നതിനുമായി ശ്രീ. അമൽ - ന് 02.02.2018 ൽ സെക്രട്ടറി നോട്ടീസ് നൽകിയിട്ടുണ്ട്. തെരുവു വിളക്കുകൾ സ്ഥാപിച്ചതിൽ ഇത്തരത്തിൽ ഒരു അപാകത ഉണ്ടായിട്ടും പദ്ധതി മോണിറ്റർ ചെയ്യേണ്ട പൊതുമരാമത്ത്, ഊർജ്ജം വർക്കിംഗ് ഗ്രൂപ്പ്, മേൽ നോട്ടം നടത്തേണ്ട വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി എന്നിവ മേൽ പ്രശ്നം ചർച്ച ചെയ്യുകയോ പരിഹാര നിർദ്ദേശങ്ങൾ കണ്ടെത്തുകയോ ഉണ്ടായിട്ടില്ല. ഗുണനിലവാരം ഉറപ്പു വരുത്താതെ തെരുവ് വിളക്ക് വാങ്ങിയതിന് വിശദീകരണം നൽകേണ്ടതും പ്രവർത്തനരഹിതമായ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കാത്ത പക്ഷംകരാറുകാരനെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതും തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി നൽകിയ 2,00,000/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ വിഷയത്തിൽ സ്വീകരിച്ച തുടർനടപടി അറിയിക്കേണ്ടതാണ്.

## 3-6 മരുന്നു വിതരണത്തിൽ കാലതാമസം

പ്രൊജക്ട് നം. : 47/18

വകയിരുത്തിയ തുക : 3,80,000/- (സംരക്ഷണ ഗ്രാന്റ് - റോഡിതരം)

ചെലവ് : 3,80,000/-(43/17-18 തീ. 13.11.2017)

ആയുർവേദ ആശുപത്രിയിലേക്ക് മരുന്നു ലഭ്യമാക്കുന്നതിനായി മെഡിക്കൽ ഓഫീസർ നടപ്പാക്കിയതാണ് മേൽ പദ്ധതി. ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷന് (ഔഷധി)13.11.2017 തീയതിയിൽ മുൻകൂറായി 3,80,000/- രൂപ കൈമാറുകയും 17.11.2017 ന് സ്ഥാപനം തുക കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. മുൻകൂറായി തുക കൈപ്പറ്റിയിട്ടും മരുന്നു വിതരണത്തിൽ വളരെയധികം കാലതാമസം വന്നതായി കാണുന്നു. 30.11.2017 ന് തുടങ്ങി 25.10.2018 വരെ 20 തവണയായിട്ടാണ് മരുന്ന് ലഭ്യമാക്കിയിട്ടുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | ലഭ്യമാക്കിയ മരുന്നിന്റെ വില |
|---|---|---|
| 1 | 30.11.2017 | 67,069/- |
| 2 | 09.01.2018 | 26,109/- |
| 3 | 23.01.2018 | 58,569/- |
| 4 | 16.03.2018 | 14,274/- |
| 5 | 30.03.2018 | 9,758/- |
| 6 | 30.03.2018 | 14,341/- |
| 7 | 31.03.2018 | 22,037/- |
| 8 | 15.05.2018 | 3,726/- |
| 9 | 25.05.2018 | 24,906/- |
| 10 | 11.06.2018 | 64,941/- |
| 11 | 10.07.2018 | 9,591/- |
| 12 | 16.07.2018 | 2,993/- |
| 13 | 21.07.2018 | 11,574/- |
| 14 | 10.08.2018 | 11,800/- |

| | | |
|---|---|---|
| 15 | 18.09.2018 | 6,720/- |
| 16 | 14.09.2018 | 529/- |
| 17 | 21.09.2018 | 9,371/- |
| 18 | 05.10.2018 | 9,114/- |
| 19 | 26.09.2018 | 8,453/- |
| 20 | 25.10.2018 | 4,127/- |
| | | 3,80,000/- |

മെഡിക്കൽ ഓഫീസർ ഫാർസ്യൂട്ടിക്കൽ കോർപ്പറേഷനുമായി 17.11.2017 തീയതിയിൽ ചമച്ച കരാർ പ്രകാരം തുക കൈപ്പറ്റി 60 ദിവസത്തിനകം മരുന്ന് ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം മരുന്ന് ലഭ്യമാക്കിയില്ല. 1,97,816/- രൂപയുടെ മരുന്നു ലഭ്യമായതിനു ശേഷം ശേഷിക്കുന്ന 1,82,184/- രൂപയുടെ മരുന്നുകൾ അടിയന്തരമായി ലഭ്യമാക്കുന്നതിന് 19.04.2018 ന് മെഡിക്കൽ ഓഫീസർ ഔഷധിക്ക് കത്ത് നൽകിയിട്ടുണ്ട്. അതിനു ശേഷവും മരുന്നു ലഭ്യമാകുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. പൊതുജനാരോഗ്യകേന്ദ്രത്തിന് ആവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതി നടത്തിപ്പിന്റെ സാധുതയ്ക്ക് തന്നെ എതിരാണ് എന്നത് ഓഡിറ്റ് ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർ വർഷങ്ങളിൽ ഇത്തരം അപാകത സംഭവിക്കാതിരിക്കാൻ ഭരണസമിതി/സ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 <u>പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക്</u>

## സ്കോളർഷിപ്പ്-ആവശ്യമായ ഫണ്ട് വകയിരുത്തിയില്ല

പദ്ധതി നം 80/17-18, പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് സ്കോളർഷിപ്പ്

അടങ്കൽ 400000 ചെലവ് 350000

ബിൽ നം 5 തിയതി 25/02/2018 തുക 200000

ചെക്ക് നം 1565007 തിയതി 24/02/2018 തുക 100000

ചെക്ക് നം 1565008 തിയതി 24/02/2018 തുക 50000

ഗ്രാമപഞ്ചായത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് സ്കോളർഷിപ്പ് (പ്രൊജക്ട് 80) എന്ന പദ്ധതിയ്ക്കായി വകയിരുത്തിയത് 4,00,000 രൂപയാണ്. പ്രൊജക്ടിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| വകയിരുത്തിയ സ്ഥാപനം | അടങ്കൽ - വകയിരുത്തിയ തുക | ലഭിച്ച വിഹിതം | ചെലവഴിച്ച തുക |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2,00,000 | 2,00,000 | 2,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 1,00,000 | 1,00,000 | 1,00,000 |
| ജില്ലാ പഞ്ചായത്ത് | 1,00,000 | 5,0000 | 50,000 |
| ആകെ | 4,00,000 | 3,50,000 | 3,50,000 |

മേൽ പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട 48 പേരിൽ 28 പേർ മാനസിക വെല്ലുവിളികൾ നേരിടുന്നവർ ആണ്. 2017- 18 വാർഷിക പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) നം 80/ 2017. ത സ്വ ഭ വ 3.4.2017 പ്രകാരം മേൽ വിഭാഗത്തിന് വാർഷികമായി 28,500 രൂപ എല്ലാ ബത്തകളും ഉൾപ്പെടെ നൽകാവുന്നതാണ്.

എന്നാൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഓഡിറ്റ് വർഷം 10000 രൂപ നിരക്കിൽ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

സമൂഹത്തിലെ ദുർബലരും അനുകമ്പ അർഹിക്കുന്ന വിഭാഗത്തിൽപ്പെട്ടവരുമായ

ഇത്തരം ഗുണഭോക്താക്കൾക്ക് സർക്കാർ അനുവദിച്ച മുഴുവൻ തുകയും നൽകാൻ കഴിയാഞ്ഞത് ആവശ്യമായ തുക വകയിരുത്താത്തത് കൊണ്ടാണ്. മേൽ ഉത്തരവ് ഖണ്ഡിക 10.4 കുറിപ്പുകളിൽ സ്കോളർഷിപ്പ്- ബത്ത നല്കുന്നതിന് ആവശ്യമായ തുക വകയിരുത്തിക്കൊണ്ടുള്ള പ്രൊജക്ട് എല്ലാ തദ്ദേശ സ്ഥാപനങ്ങളും നിർബന്ധമായും ഏറ്റെടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഗുണഭോക്താക്കൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ തുക അനുവദിക്കാൻ നടപടികൾ കൈകൊള്ളാത്തതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ടു നൽകിയ അന്വേഷണ കുറിപ്പിന് തുടർവർഷങ്ങളിൽ ആയത് ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകത ഉണ്ടാകാതെ സർക്കാർ നിർദ്ദേശപ്രകാരമുള്ള മുഴുവൻ തുകയും നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 മാലിന്യ സംസ്കരണം- ആസൂത്രണം ചെയ്ത പദ്ധതികൾ നടപ്പാക്കിയില്ല

സർക്കാർ ഉത്തരവ് നമ്പർ 72/17/ത.സ്വ.ഭ.വ., തിയ്യതി 29.3.2017 ലെ ഖണ്ഡിക 11.4.3 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ കുറഞ്ഞത് 10% മെങ്കിലും മാലിന്യസംസ്കരണ പദ്ധതികൾക്കായി വകയിരുത്തണം. ഇതേ മാർഗ്ഗരേഖയിലെ ഖണ്ഡിക 12.12.1(1 മുതൽ 6 വരെ), 12.12.3 (1 മുതൽ 13 വരെ)തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതികൾ എങ്ങിനെ നടപ്പാക്കാം എന്നും, ഗ്രാമ പഞ്ചായത്തുകൾക്ക് ഏതൊക്കെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാം എന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം അംഗീകാരം നേടിയ താഴെ പറയുന്ന മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതിയുടെ നം/പേര് | അടങ്കൽ തുകയും ഫണ്ടിനവും | ചെലവ് |
|---|---|---|---|
| 1 | 54/18, മാലിന്യ സംസ്കരണ ഷെഡ് നിർമ്മിക്കൽ<br>അസി. എഞ്ചിനീയർ | 11,50,000 (വികസന ഫണ്ട് (ജനറൽ)) | ഇല്ല |

| | | | |
|---|---|---|---|
| 2 | 41/18 മാലിന്യ പരിപാലനം | 75,700 - വികസനഫണ്ട് (ജനറൽ), 3,44,300/- (തനത് ഫണ്ട്), 8,00,000/- മറ്റുള്ളവ | ഇല്ല |

കുടിവെള്ളം, ശുചിത്വം , മാലിന്യ സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ 08.05.2017, 23.05.2017 തീയതികളിലെ യോഗത്തിൽ, മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണ സ്ഥലത്തേക്ക് കൊണ്ടുപോകുന്നതു വരെ സൂക്ഷിക്കുന്നതിനായി പഞ്ചായത്ത് പരിധിയിൽ ഒരു ഷെഡ് നിർമ്മിക്കുക, പഞ്ചായത്ത് പരിധിയിലെ വീടുകളിൽ നിന്നും കടകളിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച് പഞ്ചായത്തിൽ തന്നെയുള്ള ഒരു ഷെഡിൽ എത്തിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക എന്നിങ്ങനെ മാലിന്യ സംസ്കരണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് അസി.എഞ്ചിനീയർ, വി.ഇ.ഒ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി മേൽ പരാമർശിച്ച പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്.

വാർഷിക പദ്ധതിയിൽ പ്രസ്തുത ആവശ്യത്തിലേക്കായി വികസന ഫണ്ട്, തനത് ഫണ്ട്, എന്നീ ഫണ്ടിനങ്ങൾ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിട്ടും ഇവ നടപ്പാക്കിയിട്ടില്ല. മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. മേൽനോട്ട സമിതിയായ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ തുടർ നടപടികളൊന്നും തന്നെ സ്വീകരിച്ചതായി കാണുന്നില്ല. സർക്കാർ നിർദ്ദേശമനുസരിച്ച് മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

## 3-9 ആശ്രയ പദ്ധതി നടത്തിപ്പ്- അപാകതകൾ

2017 - 18 വർഷങ്ങളിലെ ആശ്രയ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.) പദ്ധതി പ്രവർത്തന പുരോഗതി വിലയിരുത്തുന്നില്ല.

ആശ്രയ പദ്ധതിയുടെ പൊതുനടത്തിപ്പിന്റെ മേൽനോട്ടം വിലയിരുത്തൽ സമിതിയിൽ നിക്ഷിപ്തമാണ്. ആശ്രയ പ്രൊജക്ടിന്റെ പ്രവർത്തനം നിരന്തരം

വിലയിരുത്തുന്നതിനായി വിലയിരുത്തൽ സമിതിയിൽ ഒരു ഉപസമിതി രൂപീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അധ്യക്ഷനായ മേൽ സമിതിയിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, സെക്രട്ടറി, മെഡിക്കൽ ഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, സാമൂഹ്യ പ്രവർത്തകർ, സി.ഡി.എസ് ചുമതലയുള്ള അംഗം എന്നിവർ ഉണ്ടായിരിക്കേണ്ടതാണ്. ആശ്രയ പ്രവർത്തന പുരോഗതി വിലയിരുത്തൽ, പ്രൊജക്ടിന്റെ ഗുണനിലവാരം പരിശോധിക്കൽ, വിവിധ സ്പോൺസർഷിപ്പുകൾ കണ്ടെത്തൽ തുടങ്ങിയവയാണ് സമിതിയുടെ ചുമതലകൾ. രണ്ടു മാസത്തിലൊരിക്കൽ നിർബ്ബന്ധമായും മേൽ കമ്മറ്റി യോഗം ചേരേണ്ടതാണ്. എന്നാൽ ഓഡിറ്റ് കാലയളവു വരെ കമ്മറ്റി ചേർന്ന് പദ്ധതി പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടില്ല.

2)ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരമുള്ള സേവനങ്ങൾ ലഭിക്കുന്നില്ല

ആശ്രയ പദ്ധതി പ്രകാരം തുടർസേവനത്തിൽ 17 ഗുണഭോക്താക്കളാണുള്ളത്. ഇതിൽ വീട്, കക്കൂസ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റേണ്ടവരുണ്ട്. ഇവർക്കായുള്ള പദ്ധതിപ്രവർത്തനങ്ങൾ കേവലം ഭക്ഷണ വിതരണത്തിൽ മാത്രമൊതുക്കി. മറ്റു പദ്ധതി പ്രവർത്തനങ്ങളോന്നും നടന്നിട്ടില്ല

രണ്ടാം ഘട്ടത്തിൽ 104 ഗുണഭോക്താക്കളാണുള്ളത്. പദ്ധതി പ്രകാരം ഇവർക്ക് ആവശ്യമായിട്ടുള്ള സേവന പാക്കേജിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| | സേവനം ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | ലഭിച്ചവർ | ലഭിക്കാത്തവർ |
|---|---|---|---|
| ഭക്ഷണം | 104 | 0 | 104 |
| വീട് | 27 | 5 | 22 |
| ചികിൽസ | 61 | --- | 61 |
| വീട് റിപ്പയർ | 30 | --- | 30 |

| | | | |
|---|---|---|---|
| കുടിവെള്ളം | 47 | -- | 47 |
| വസ്ത്രം | 20 | --- | 20 |
| കക്കൂസ് | 18 | - | 18 |

രണ്ടാം ഘട്ടത്തിലെ ഗുണഭോക്താക്കളിൽ 5 പേർക്ക് വീട് നിർമാണത്തിന് തുക അനുവദിച്ചിട്ടുണ്ടെങ്കിലും പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

കൂടാതെ ഇവർക്ക് ഏറ്റവും അടിസ്ഥിരമായി ലഭിക്കേണ്ട ഭക്ഷണ കിറ്റുകൾ വിതരണം ചെയ്യുന്നതിന് ഒരു നടപടിയും സ്വീകരിച്ചില്ല. ക്ഷേമ കാര്യ സ്റ്റാന്റിങ് കമ്മറ്റി ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

ആശ്രയ ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരം ലഭിക്കേണ്ട മുഴുവൻ സേവനങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## **3-10** ടെണ്ടർ വിളിക്കാതെ പ്രിന്റിങ് ജോലികൾ നടത്തിയത് -അപാകതകൾ

പദ്ധതി നം 87 – സ്ത്രീ ജാഗ്രത സമിതി

അടങ്കൽ – 50000

ചെലവ് – 38000

ചെക്ക് നം – 1930948 തിയതി 27/03/2018

പദ്ധതി നം 87 - സ്ത്രീ ജാഗ്രത സമിതി - നടപ്പിലാക്കുന്നതിന് വേണ്ടി മാതൃകാ ചോദ്യാവലി അച്ചടിക്കുന്നതിനായി നവോദയ ഓഫ്സെറ്റ് പ്രസ് എന്ന സ്ഥാപനത്തിന് 38000/- രൂപ അനുവദിച്ചിട്ടുണ്ട്. ജി ഒ പി നം 259/2010/ ത.സ്വ ഭ വ തിയതി 08.11.2010 പ്രകാരം മതിപ്പ് വില 25000/- ന് മുകളിലും 100000 ലക്ഷത്തിൽ താഴെയുമായ എല്ലാ വാങ്ങലുകൾക്കും ലിമിറ്റഡ് ടെണ്ടറുകൾ ക്ഷണിക്കേണ്ടതാണ് . മാതൃകാ ചോദ്യാവലികൾ തയാറാക്കുന്നതിന് നവോദയ ഓഫ്സെറ്റ് പ്രസ് എന്ന സ്ഥാപനത്തിന് ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ ഒന്നും പാലിക്കാതെയാണ് വർക്ക് ഓർഡർ നൽകിയതും തുക അനുവദിച്ചതും. ആയതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണ കുറിപ്പിന് നൽകിയ മറുപടിയിൽ അപാകതകൾ ആവർത്തിക്കില്ല എന്ന് അറിയിച്ചിട്ടുണ്ട്. എല്ലാ വാങ്ങലുകൾക്കും മേൽ ഉത്തരവ് പാലിക്കേണ്ടതും, ഭാവിയിൽ ഇത്തരം

അപാകതകൾ ഉണ്ടാവാതെ ശ്രദ്ധിക്കേണ്ടതുമാണ്

## 3-11 ശമ്പള പരിഷ്കരണ കുടിശ്ശിക-പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല.

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക അനുവദിയ്ക്കുന്നതിനു ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമപഞ്ചായത്ത് ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 1, 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.

| ഗഡു | വൗച്ചർ നം, തീയതി | തുക |
|---|---|---|
| I | 21700048/26.04.2017 | 51,012 |
| I | 21700309/02.08.2017 | 37,763 |
| I | 21700310/02.08.2017 | 42,624 |
| II | 21700483/07.10.2017 | 69,061 |
| II | 21700484/07.10.2017 | 1,26,862 |
| II | 21700485/07.10.2017 | 33,593 |
| II | 21700486/07.10.2017 | 7,423 |
| II | 21700487/07.10.2017 | 81,05 |
| | ആകെ | 3,76,443 |

മേൽ ഉത്തരവിലെ ഖണ്ഡിക 48 (1) പ്രകാരം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് പുതുക്കിയ ശമ്പള നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത തുകക്ക്

ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല. പ്രതിമാസ വരവുചെലവു കണക്കുകൾ പരിശോധിക്കുമ്പോൾ തന്നെ അധികരിച്ച ശമ്പളത്തെത്തുടർന്നുള്ള പെൻഷൻ വിഹിതം ഒടുക്കുന്നതിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി നടപടി സ്വീകരിക്കേണ്ടതായിരുന്നു. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്നവർ ഒഴികെയുള്ള ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശികക്ക് ആനുപാതികമായി പെൻഷൻ വിഹിതം അടവാക്കി അറിയിക്കേണ്ടതാണ്.

## 3-12 പൊതു ടാപ്പുകൾ, തെരുവ് വിളക്കുകൾ - സംയുക്ത പരിശോധന നടത്തിയില്ല.

ഓഡിറ്റ് വർഷത്തിൽ വെള്ളക്കരമിനത്തിൽ ഗ്രാമപഞ്ചായത്ത് 20,563/- രൂപ നിരക്കിൽ 12 മാസത്തേക്ക് 2,46,756/- രൂപ കേരള ജല അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 47 പൊതുടാപ്പുകളാണുള്ളത്. ഒരു ടാപ്പിന് വാർഷിക വെള്ളക്കരം 5,250 രൂപ പ്രകാരം പ്രതിമാസം 20,563/- രൂപയാണ് അടവാക്കുന്നത്. ജി.ഒ (ആർ.ടി)/2242 /11/തസ്വഭവ തീയതി 28.09.2011 പ്രകാരം സംയുക്ത പരിശോധന നടത്താത്ത സ്ഥാപനങ്ങൾ ആയതിന് വാട്ടർ അതോറിറ്റിക്ക് രേഖാമൂലം കത്ത് നൽകേണ്ടതും അതോറിറ്റി ഒരാഴ്ചക്കകം പരിശോധന നടത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ സംയുക്ത പരിശോധന നടത്തുന്നതിന് ആവശ്യപ്പെട്ട്കൊണ്ട് ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ, അവസാനമായി ഏത് വർഷം വരെയാണ് സംയുക്ത പരിശോധന നടത്തിയത് എന്നത് സംബന്ധിച്ച വിവരവും ലഭ്യമല്ല. സംയുക്ത പരിശോധന നടത്താത്ത സാഹചര്യത്തിൽ ഉപയോഗയോഗ്യമായ ടാപ്പുകളുടെ എണ്ണം കുറയുന്നതിനും, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾക്കും തുക അടവാക്കുന്നതിനും സാധ്യതയുണ്ട്.

കൂടാതെ, തൻവർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 28,958/- രൂപ നിരക്കിൽ 347496/രൂപ വൈദ്യുതിബോർഡിന് അടവാക്കിയിട്ടുണ്ട്. ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രമാണ് പണം നൽകുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നതിനായി കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പൊതുടാപ്പ്, തെരുവ് വിളക്ക് എന്നിവയുടെ സംയുക്ത പരിശോധന ബന്ധപ്പെട്ട വകുപ്പുമായി ചേർന്ന് നടത്തി ഉപയോഗയോഗ്യമായ ടാപ്പുകൾക്കും, ലൈറ്റുകൾക്കുമാണ് തുക അടവാക്കുന്നതെന്നും പൊതുപണം ഇത്തരത്തിൽ

നഷ്ടപ്പെട്ട് പോകുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാൻഡിംഗ് കമ്മറ്റി, ഭരണസമിതി എന്നിവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 വിനിയോഗ വിവരം ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ നിന്നും വിവിധ വകുപ്പുകൾക്ക്/ഏജൻസികൾക്ക് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം തുക കൈമാറിയിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

| വൗച്ചർ നം., തീയതി | തുക | ഉദ്ദേശം | റിമാർക്സ് |
|---|---|---|---|
| 21700633/ 06.12.2017 | 3,000/- | വികലാംഗ ദിനാചരണം. ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് തുക കൈമാറി | സ.ഉ (സാധാ)3680/ 2017/ തസ്വഭവ തീ. 15.11.2017 പ്രകാരം. |
| 21700628/ 06.12.17 | 1,500/- | ജില്ലാതല തുടർവിദ്യാഭ്യാസ കലോൽസവം നടത്തിപ്പിന് ജില്ലാ സാക്ഷരതാ മിഷൻ അതോറിറ്റിക്ക് തുക കൈമാറി | സ.ഉ(സാധാ)2870/ 17/ തസ്വഭവ തീ. 22.08.2017 പ്രകാരം |
| 21700967/13.03.2018 | 8,300/- | മീസിൽസ് - റൂബെല്ലാ വാക്സിൻ നൽകിയതിന് വാഹന വാടക | സ.ഉ 3439/17/ തസ്വഭവ തീ. 28.10.2017 പ്രകാരം |

മേൽ ഉത്തരവുകളിലെല്ലാം കൈപ്പറ്റുന്ന തുകയ്ക്ക് ബന്ധപ്പെട്ട ത.സ്വഭ സ്ഥാപനത്തിന് വരവ് ചെലവുകളുടെ അടിസ്ഥാനത്തിലുള്ള വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അത്തരത്തിലുള്ള വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതായി കാണുന്നില്ല. വിനിയോഗ വിവരം ലഭ്യമാക്കി

അറിയിക്കേണ്ടതാണ്. വിനിയോഗ രേഖകളുടെ അഭാവത്തിൽ ചെലവുതുക 12,800/- രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 700000 | മിൽക്ക് ഇൻസെന്റീവ് | 700000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | 400000 | കിണർ റീചാർജ്ജിംഗ് | - | 400000 |
| ബ്ലോക്ക് പഞ്ചായത്ത് | | 127500 | നെൽകൃഷിക്ക് കൂലിചെലവ് | 114575 | 12925 |
| ബ്ലോക്ക് പഞ്ചായത്ത് | | 255000 | ജൈവപച്ചക്കറി | 216750 | 38250 |
| ബ്ലോക്ക് പഞ്ചായത്ത് | | 100000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 100000 | |
| ജില്ലാ പഞ്ചായത്ത് | 2016-17 | 55000 | കറവപശു നൽകൽ | 45000 | 10000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 150000 | മിൽക്ക് ഇൻസെന്റീവ് | 150000 | |
| ജില്ലാ പഞ്ചായത്ത് | | 200000 | ക്ഷീരഗ്രാമം | 150000 | 50000 |
| ജില്ലാ പഞ്ചായത്ത് | | 100000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 50000 | 50000 |
| ജില്ലാ പഞ്ചായത്ത് | | 127500 | നെൽകൃഷിക്ക് കൂലിചെലവ് | 114575 | 12925 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ള്യൂഡി ഇലക്ട്രിക്കൽ ഡിവിഷൻ | ഹോമിയോ ആശുപത്രി വൈദ്യുതീകരണം | ബിൽനം.14/17-18 തീയ്യതി.12-10-17 | 154000 | 134573 | 19427 |
| | പി.എച്ച്.സി വൈദ്യുതി കണക്ഷൻ ത്രീഫേസാക്കൽ | ബിൽനം.15/17-18 തീയ്യതി.12-10-17 | 65300 | 61332 | 3968 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 10000 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | നാദാപുരം കോഓപ്പറേറ്റീവ് ഹോസ്പിറ്റലിനു നൽകിയ വിഹിതം | | | 10000 | |
| ആകെ | | | | 10000 | |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 7250/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2016-17 | 2-4(5) | 5000 | | 117030500007 തീയ്യതി.18/7/17 |
| 2016-17 | | 750 | | 117030101225 തീയ്യതി.20/7/17 |
| 2016-17 | | 750 | | 117030101226 തീയ്യതി.20/7/17 |
| 2016-17 | | 750 | | 117030101227 തീയ്യതി.20/7/17 |
| 2016-17 | 2-4(5) | 750 | | 117030101228 തീയ്യതി.20/7/17 |

## **4-7** സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | -- | 2003-04 | 11-14 | സമഗ്ര പുരയിട കൃഷി വികസന പദ്ധതി | |

| | | | | | |
|---|---|---|---|---|---|
| -- | -- | 2012-13 | 3-4-5-1 | തൊഴിലുറപ്പ് പദ്ധതി | |
| -- | -- | 2012-13 | 3-4-5-5 | നീർത്തടാധിഷ്ഠിത പദ്ധതികൾ | |
| -- | -- | 2012-13 | 3-4-5-6 | തൊഴിലുപകരണ പദ്ധതികൾ | |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-5 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70730432 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65879749 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12400 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 236195 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 12400 | ഡോ.ഷിൻഞ്ചുഅപാല |

| | | | |
|---|---|---|---|
| | | | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 23395 | ശ്രീ.ബാലഗോപാലൻ.വി.പി<br>സെക്രട്ടറി |
| 3-5 | 200000 | |
| 3-13 | 12800 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ഡോ.ഷിൻഞ്ചുഅപാല<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി, എടച്ചേരി. | മൂലയിൽ (ഹൗസ്) പുതുപ്പണം വടകര – 673105 |
| ശ്രീ.ബാലഗോപാലൻ.വി.പി<br>സെക്രട്ടറി | സെക്രട്ടറി<br>എടച്ചേരി ഗ്രാമപഞ്ചായത്ത്. | അമൽ<br>നട്ട്സ്ട്രീറ്റ്<br>വടകര<br>673104 (പിൻ) |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2302/17 തീയതി 02.05.18 | 1 | 2-3 |
| 2002-03 (ചെലവ്) | കെ.എസ്.എ.കെ.കെ.ഡി.പി9/ 2302/17 തീയതി 02.05.18 | 1 | 2-10 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2302/17 തീയതി 02.05.18 | 7 | 2-3, 2-4, 2-5, 3-4, 3-5, 3-6, 3-7 |
| 2005-06 | എൽ.എഫ്.പി5/804/09 തീയതി 15-9-09 | 10 | 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5 |

| | | | |
|---|---|---|---|
| 2006-07 | എൽ.എഫ്.പി5/1055/09 തീയതി 15-9-09 | 14 | 1-1, 2-1, 2-2(1 to 5), 2-3, 3-2(1), (2), 3-3, 3-4, 3-5, 3-6, 3-7, 4-1, 4-6, 4-7, 4-8 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി5/ 585/11തീയതി 3-11-11 | 16 | 1-2,1-4,2-4,2-14, 3-2, 3-4,3-5 3-6,3-7,3-8,3-9, 3-13, 3-16,4-3, 4-5,4-7 |
| 2008-09 | എൽ.എഫ്.കെ.കെ,ഡി.എസ്4/ 267/11തീയതി 1-12-11 | 19 | 1-5,2-1,2-3,2-4, 3-2, 3-3,3-4,3-5, 3-6,3-7,3-8,3-9, 3-10, 3-14,3-15 4-3,4-4,4-5,4-7 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി11/ 69/13തീയതി | 15 | 1-1,2-2,2-3,2-4, 3-1,3-2,3-3,3-4, 3-5,3-6,3-7,3-8, 3-9,3-10,3-11 |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി.പി11/ 1388/13തീയതി 20-9-13 | 16 | 2-1,2-2,2-3,3-1, 3-2,3-3,3-4,3-5, 3-8,3-9,3-10 3-11,3-14,3-15, 3-16,3-17 |

| | | | |
|---|---|---|---|
| 2012-13, 2013-14 | എൽ.എഫ്.കെ.കെ.ഡി.പി9/ 905/15തീയതി 14-09-15 | 16 | 1-3,2-1,3-2,3-3, 3-4,3-5,3-6,3-8, 3-9,3-10,3-11 3-12,4-1,4-2, 4-4, 4-11 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി./പി 9/ 1507/17 തീയതി 23.11.2017 | 9 | 3-2,3-3,3-4, 3-5,3-7, 3-8,3-9, 3-10,3-12 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി./പി 9/ 688/2017 തീയതി 04.01.2018 | 15 | 2-1,2-3,2-4,2-6, 3-1,3-4,3-7,3-8, 3-10,3-11, 3-15,3-17,3-18, 3-19,3-20 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./പി 9/ 2436/2017തീയതി | 11 | 2-1,2-2,2-4, 3-2,3-3,3-6, 3-8,3-9,3-10, 3-13,3-14 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി.പി9/391/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ-0495 2371012

ഇ-മെയിൽ:dokkd.ksad@kerala.gov.in

തീയ്യതി:30.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18

ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്.